# Inaugural launch of online Pre-departure Orientation Training Programme

April 07, 2021

# ഓൺലൈൻ പ്രീ ഡിപ്പാർച്ചർ ഓറിയൻറ്റേഷൻ ട്രെയ്നിങ് പദ്ധതിയുടെ ഉദ്ഘാടനം

ഏപ്രിൽ 07, 2021

പ്രവാസികൾക്കായി ഒ പി ഡി ഓ ടി കേന്ദ്രങ്ങളിൽ നടത്തുന്ന പരിശീലനത്തെ സഹായിക്കുന്നതിനായുള്ള ആദ്യ ഓൺലൈൻ പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ ട്രെയ്നിങ് പദ്ധതി എന്ന് ഉദ്ഘാടനം ചെയ്തു. കോവിഡ് നിയന്ത്രണങ്ങൾ കണക്കിലെടുത്ത് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനായി വിദേശകാര്യ മന്ത്രാലയവും പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് (പിഒഇ) മുംബൈയും മറ്റ് പി ഒ ഇ മാരുമായി സഹകരിച്ച് ഈ സംരംഭം നടത്തി. വ്യക്തിപരമായി പരിശീലനത്തിൽ പങ്കെടുക്കാൻ കഴിയാത്ത, പ്രവാസം ഉദ്ദേശിക്കുന്നവർക്ക് സൗകര്യമൊരുക്കുന്നതിനു കോവിഡ് നിയന്ത്രണങ്ങൾ ലഘൂകരിച്ചതിനുശേഷവും ഓൺലൈൻ പിഡിഒടി തുടരും.

സെക്രട്ടറി (സിപിവി & ഒഐഎ) ശ്രീ സഞ്ജയ് ഭട്ടാചാര്യ പങ്കെടുത്തവരെ അഭിസംബോധന ചെയ്യുകയും സുരക്ഷിതവും നിയമപരവുമായ കുടിയേറ്റം ഉറപ്പാക്കുന്നതിന് പിഡിഒ പരിശീലനത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുകയും ചെയ്തു. ഭാവിയിലെ പ്രവാസികൾക്ക്, പ്രത്യേകിച്ചും പിഡിഒടി കേന്ദ്രങ്ങളിലേക്ക് ദീർഘദൂര യാത്ര ചെയ്യേണ്ടവർക്ക് നേരിട്ടോ ഓൺലൈനിലോ പങ്കെടുക്കുന്നതിനായി തിരഞ്ഞെടുക്കാം,. പിഡിഒ പരിശീലനം കുടിയേറ്റ തൊഴിലാളികൾക്ക് അവരുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി തങ്ങൾക്ക് പോകേണ്ട രാജ്യത്തിന്റെ സംസ്കാരം, ഭാഷ, ചട്ടങ്ങൾ എന്നിവയെക്കുറിച്ച് അറിയാൻ സഹായിക്കുന്നതാണെന്നു അദ്ദേഹം പറഞ്ഞു.കൂടാതെ, ഇന്ത്യൻ കമ്മ്യൂണിറ്റി വെൽഫെയർ ഫണ്ട് (ഐസിഡബ്ല്യുഎഫ്), പ്രവാസി ഭാരതീയ ബിമ യോജന (പിബിബിവൈ), ഇ- മൈഗ്രേറ്റ് പോർട്ടൽ, മാഡാഡ് പോർട്ടൽ, പ്രവാസിഭാരത സാധ്യത കേന്ദ്രങ്ങൾ (പിബിഎസ്കെ കൾ),ഇന്ത്യ എംബസികൾ കൗൺസിലേറ്റുകൾ എന്നിവിടങ്ങളിലെ 24x7 ഹെൽപ് ലൈനുകൾ എന്നിങ്ങനെ ഭരണകൂടം ഒരുക്കുന്ന ക്ഷേമ നടപടികളെക്കുറിച്ച് കൂടുതൽ അറിയുന്നതിനും പദ്ധതി അവസരമൊരുക്കി.

എല്ലാ പിഒ ഇ കൾ, എൻഎസ്ഡിസി കൾ, സംസ്ഥാന സർക്കാരുകൾ, റിക്രൂട്ടിംഗ് ഏജന്റുമാർ (ആർഎ കൾ), പിഡിഒടി കേന്ദ്രങ്ങൾ എന്നിവ ഈ സംരംഭം മുന്നോട്ട് കൊണ്ടുപോകാൻ സജ്ജമാക്കിയിരിക്കുകയാണ്, അതുവഴി പുറപ്പെടുന്നതിന് മുമ്പായി പരമാവധി കുടിയേറ്റക്കാർക്ക് പരിശീലനം ലഭിക്കുന്നു. POE മുംബൈ സംഘടിപ്പിച്ച ഹൈബ്രിഡ് മൊഡ്യൂളിൽ, വരാനിരിക്കുന്ന കുടിയേറ്റക്കാരും മൈഗ്രേഷൻ സൈക്കിളിലെ എല്ലാ പങ്കാളികളും നേരിട്ടോ ഓൺലൈനിലോ പങ്കെടുത്തു.ഈ സംരംഭം വരാനിരിക്കുന്ന കുടിയേറ്റക്കാർക്ക് മെച്ചപ്പെട്ട കഴിവുകൾ പ്രദാനം ചെയ്യുമെന്നും പ്രവാസം ആരംഭിക്കുമ്പോൾ അവരെ കൂടുതൽ ശാക്തീകരിക്കുമെന്നും മന്ത്രാലയത്തിന് ഉറപ്പുണ്ട്.

**ന്യൂ ഡൽഹി**
**07 ഏപ്രിൽ, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.